പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4025 — 21.10.2016-ലെ മറുപടിക്ക്

## ലോ ഫ്ളോർ ബസുകളുടെ അറ്റകുറ്റപ്പണികൾ

**ചോദ്യം**

ശ്രീ. ജെയിംസ് മാത്യു
,, കെ.ജെ. മാക്സി
,, വി. ജോയി
,, പി.വി. അൻവർ

**ഉത്തരം**

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് ജൻറം പദ്ധതി പ്രകാരം ലോ ഫ്ളോർ ബസുകൾ വാങ്ങിയതിൽ വൻ തോതിലുള്ള അഴിമതി നടന്നെന്ന ആരോപണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ, എങ്കിൽ അതിന്റെ വിശദവിവരം അറിയിക്കുമോ; | (എ) | ഇതു സംബന്ധിച്ച മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിശോധിച്ചതിൽ കെ.എസ്.ആർ.ടി.സി കേരളാ ഗവൺമെന്റിന്റെ e-Procurement സംവിധാനത്തിലൂടെ എല്ലാ ടെണ്ടർ നടപടിക്രമങ്ങളും പാലിച്ചാണ് ജൻറം പദ്ധതിയിലുള്ള ലോ ഫ്ളോർ ബസുകൾ വാങ്ങിയത് എന്ന് കാണുന്നു. ഈ ദർഘാസിൽ യോഗ്യത നേടിയ വാഹന നിർമ്മാതാക്കളിൽ നിന്നും ഏറ്റവും കുറഞ്ഞ വില വാഗ്ദാനം ചെയ്ത കമ്പനികളിൽ നിന്നുമാത്രമാണ് ബസുകൾ വാങ്ങിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത ബസുകൾ വാങ്ങിയതിൽ ക്രമക്കേടുകൾ നടന്നുവെന്ന വാർത്ത ശരിയല്ല. |
| (ബി) | ഈ ബസുകളുടെ അറ്റകുറ്റപ്പണികൾക്കായി ഏത് ഏജൻസിയെയാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്നും അതിന്റെ കരാർ വ്യവസ്ഥകളും വിശദമാക്കുമോ; | (ബി) | എ.സി. വോൾവോ ലോ ഫ്ളോർ ബസുകളുടെ പരിപാലനം, വോൾവോ കമ്പനിയുടെ അംഗീകൃത ഡീലറായ M/s. Vista Driveline Motors നിന്നും നിയോഗിക്കപ്പെട്ട വിദഗ്ദ്ധരായ സൂപ്പർ വൈസർമാരുടെ മേൽ നോട്ടത്തിൽ കെ.എസ്.ആർ.ടി.സി.യുടെ മെക്കാനിക്കുകളാണ് നിർവഹിച്ചുവരുന്നത്. കൂടുതൽ സങ്കീർണമായ റിപ്പയറുകൾ പ്രസ്തുത സ്ഥാപനത്തിന്റെ ആലപ്പുഴ ജില്ലയിലുള്ള വർക്ക്ഷോപ്പിലാണ് നിർവഹിക്കുന്നത്. |

| | | | |
|---|---|---|---|
| | | | നോൺ എ.സി. ബസുകളുടെ പരിപാലനം കെ.എസ്.ആർ.ടി.സി.യുടെ ഡിപ്പോകളിലും വർക്ക്ഷോപ്പിലുമായി ചെയ്തുവരുന്നു. |
| (സി) | ഈ ഏജൻസി പണികൾ യഥാ സമയം തീർക്കാത്തതു കൊണ്ട് സർവ്വീസ് നടത്താൻ കഴിയാതെ എത്ര ലോ ഫ്ളോർ ബസുകൾ കട്ടപ്പുറത്തിരിക്കുന്നെന്ന് അറിയിക്കുമോ; അറ്റകുറ്റപ്പണികൾക്കായി ഈ ഏജൻസി വളരെ ഉയർന്ന നിരക്കാണ് ഈടാക്കുന്നതെന്ന ആരോപണം അന്വേഷിച്ചിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ? | (സി) | ആകെ 190 എ.സി. വോൾവോ ലോ ഫ്ളോർ ബസുകളിൽ 17/10/2016-ലെ കണക്കനുസരിച്ച് 45 എണ്ണം വിവിധ അറ്റകുറ്റപ്പണികൾക്കായി പിടിച്ചിട്ടുണ്ട്. സ്പെയർ പാർട്സ് നല്കിയ ഇനത്തിലും അറ്റകുറ്റപ്പണികൾ നടത്തിയ ഇനത്തിലും M/s. Vista Driveline Motors എന്ന സ്ഥാപനത്തിനുള്ള കുടിശ്ശിക യഥാസമയം കൊടുത്തു തീർക്കാതെ, അധികരിക്കുമ്പോൾ അറ്റകുറ്റപ്പണികൾ യഥാ സമയം നടത്തുന്നതിനും സ്പെയർ പാർട്സ് നല്കുന്നതിനും വിമുഖത കാണിക്കാറുണ്ട്.<br>വാഹന നിർമ്മാതാക്കളായ വോൾവോ അംഗീകരിച്ച പ്രകാരമുള്ള നിരക്കുകൾ മാത്രമാണ് M/s. Vista Driveline Motors അറ്റകുറ്റപ്പണികൾക്കായി ഈടാക്കുന്നത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ